## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1779 11.02.2013-ലെ മറുപടിക്ക്.

### തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിന് ലഭിച്ച സമയം.

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.പി.കെ.ഗുരുദാസൻ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീമതി.കെ.കെ.ലതിക | | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) തദ്ദേശ സ്ഥാപനങ്ങൾക്ക് തന്നാണ്ടിൽ പദ്ധതി നിർവ്വഹണത്തിന് ലഭിച്ച സമയം പര്യാപ്തമാണോ; | (എ) | പര്യാപ്തമാണ്. |
| (ബി) ഇപ്പോൾ അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കുന്നതിനു മുമ്പ് സാങ്കേതിക അനുമതി വാങ്ങേണ്ടതായിട്ടുണ്ടോ; സാങ്കേതിക അനുമതി നൽകുന്നത് ആരാണ്; വിശദമാക്കുമോ; | (ബി) | ഉണ്ട്. സർക്കാർ വകുപ്പുകളുടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, സൂപ്രണ്ടിംഗ് എഞ്ചിനിയർ, ചീഫ് എഞ്ചിനിയർ എന്നിവരാണ് പ്രോജക്ടുകൾ പരിശോധിച്ച് അനുമതി നൽകുന്നത്. |
| (സി) എത്ര ലക്ഷം തുകവരെയുള്ള പദ്ധതികൾക്ക് ടെണ്ടർ വിളിക്കേണ്ടതില്ല; കോൺട്രാക്ടർമാരും പഞ്ചായത്ത് ഉദ്യോഗസ്ഥന്മാരും ചേർന്നുണ്ടാകുന്ന കെടുകാര്യസ്ഥതയിലേക്ക് ഈ വർഷം പദ്ധതികൾ മാറുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 15 ലക്ഷം രൂപ വരെ അടങ്കൽ തുകയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ ടെണ്ടർ ഇല്ലാതെ ഗുണഭോക്തൃ കമ്മിറ്റികളെ ഏൽപ്പിക്കാവുന്നതാണ്. പ്രവൃത്തി നിർവ്വഹണത്തിന് പ്രവർത്തന കമ്മിറ്റിയുടേയും സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും മോണിറ്ററിംഗും മേൽനോട്ടവും ഉള്ളതിനാൽ കെടുകാര്യസ്ഥത തടയാൻ സാധിക്കും. |
| (ഡി) ഇതിനെല്ലാം ഇടയാക്കിയ സാഹചര്യം എന്തായിരുന്നു എന്ന് പരിശോധിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ